പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 441 07.01.2014 -ൽ മറുപടിക്ക്

## അങ്കമാലി കെ.എസ്.ആർ.ടി.സി. ഷോപ്പിംഗ് കോംപ്ലക്സ് വാടകയ്ക്ക് നൽകൽ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. ജോസ് തെറ്റയിൽ : | ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ (വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പു മന്ത്രി) |

| | | | |
|---|---|---|---|
| (എ) | കെ.ടി.ഡി.എഫ്.സി. അങ്കമാലിയിൽ ബി.ഒ.ടി. അടിസ്ഥാനത്തിൽ പൈലറ്റ് പ്രൊജക്ട് ആയി നിർമ്മിച്ചിട്ടുള്ള കെ.എസ്.ആർ.ടി.സി. ബസ് ടെർമിനൽ-കം-ഷോപ്പിംഗ് കോംപ്ലക്സിൽ ലേല ദർഘാസ് നടപടികളിലൂടെ ഓരോ നിലയിലും എത്ര സ്ഥലമാണ് വാടകയ്ക്ക് കൊടുത്തിട്ടുള്ളത് ; ഇത് സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) | അങ്കമാലി ബസ് ടെർമിനൽ കോംപ്ലക്സിൽ വാടകയ്ക്ക് നൽകിയിട്ടുള്ള സ്ഥലങ്ങൾ താഴെ പറയും പ്രകാരമാണ്.<br>തറ നില - 6888.28 ചതുരശ്ര അടി<br>ഒന്നും രണ്ടും മൂന്നും നിലകൾ വാടകയ്ക്കു നൽകിയിട്ടില്ല<br>നാലാം നില - 1633.68 ചതുരശ്ര അടി<br>അഞ്ചാം നില - 22015 ചതുരശ്ര അടി |
| (ബി) | എത്ര സ്ഥലമാണ് ഇനി ലേലത്തിൽ പോകാനുള്ളത് ; പ്രസ്തുത സ്ഥലങ്ങൾ ലേലത്തിൽ പോകുന്നതിനായി നാളിതുവരെ എത്ര തവണ ലേല നടപടികൾ സ്വീകരിച്ചിട്ടുണ്ട്; ഈ സ്ഥലങ്ങൾ ലേലത്തിൽ പോകാതിരിക്കുവാനുള്ള കാരണങ്ങൾ വ്യക്തമാക്കുമോ ? | (ബി) | 73349.81 ചതുരശ്ര അടി.<br>അഞ്ചു തവണ.<br>വൈദ്യുതി കണക്ഷൻ ലഭ്യമാക്കുന്നതിനുണ്ടായ കാലതാമസവും അങ്കമാലി മുനിസിപ്പാലിറ്റിയിൽ നിന്നും ഒക്കുപെൻസി സർട്ടിഫിക്കറ്റ് ലഭിക്കുന്നതിലുണ്ടായ കാലാതാമസവും കാരണങ്ങളാണ്. കൂടാതെ സർക്കാർ ഉടമസ്ഥതയിലുള്ള ഷോപ്പിംഗ് കോംപ്ലക്സുകൾ വാടകയ്ക്കു കൊടുക്കുമ്പോൾ ബിസിനസുകാർക്കുണ്ടാകുന്ന അസൗകര്യങ്ങളും കാരണമാകുന്നുണ്ട്. |

സെക്ഷൻ ഓഫീസർ